62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

**Item Code:** 944 **Participant Code:** 123

ഉപന്യാസ രചന

വിഷയം: സ്കൂൾ കലോത്സവവും സർഗാത്മകതയും

അനന്തമായ ആനന്ദാരവങ്ങളിൽ ഇളം ഹൃദയവീണകൾ നൂതനാശയത്തിൻ നൂലിഴകൾപോൽ ഒത്തുചേർന്നാർദ്രവികാരങ്ങളും, തീപ്പന്തം പോൽ ജ്വലിക്കും അനുഭവനാളങ്ങളും, സാഹോദര്യസ്പന്ദനമുതിർക്കുന്ന ചിലങ്ക മുത്തുകളും, വ്യത്യസ്തമാർന്ന യാഥാർഥ്യനിമിഷത്തിൻ ആത്മാവ് നൂറു നിറങ്ങളായി കടലാസുമെത്തയിൽ വിരിഞ്ഞമരുമ്പോൾ, സാംസ്കാരിക വികാസത്തിൻ മാറ്റൊലി ചിതറി തൂലികത്തുമ്പിൽ അക്ഷരനക്ഷത്ര ഉദിക്കുമ്പോൾ, ഏഴുവർണ്ണങ്ങളും വെൺമയിലെന്ന പോൽ സപ്തരാഗസംഗമത്തിൻ സംഗീതമുണരുമ്പോൾ, വാളും പരിചയും, കരിയും കത്തിയും, കൈരളി മണ്ണിൽ കഥകളി ഉണരുമ്പോൾ, പാരമ്പര്യവും പൈതൃകവും ആധുനികതയെ ചുംബിക്കുമ്പോൾ, മനുഷ്യന്റെ ജീവവായുവായി,

അവൻ പ്രണയിച്ചു, അവനെ പ്രണയിച്ചു. സർഗാത്മകത സങ്കൽപ്പത്തെയും യാഥാർഥ്യത്തെയും പ്രണയിച്ചുകൊണ്ട് ഉദിക്കുമ്പോൾ, സമത്വ സുന്ദര മണ്ണായ കേരളത്തിൻ ഹൃദയത്തിൽ താളലയമേളമൊരുക്കി, സിരകളിൽ മാസ്മരിക ലഹരിയുണർത്തി സർഗശേഷിയുടെ കേളികൊട്ടായി യുവഹൃദയങ്ങളെ പുളകം കൊള്ളിക്കുന്ന ഒരുമയുടെ ആഘോഷം : അതാണ് സർഗാത്മകതയുടെ കൊടിനാട്ടിയ കേരളത്തിലെ സ്കൂൾ കലോത്സവം. സാഹിത്യത്തിന്റെ മേമ്പൊടിചേർത്ത വെറുമൊരു വർണ്ണക്കാഴ്ചയല്ലിത്, അജ്ഞാന അന്ധകാരത്തിൽ നിന്ന് അനന്തമായ പ്രകാശദീപ്തിയിലേയ്ക്ക് നമ്മെ നയിക്കുന്ന കലയുടെ ഉത്സവത്തിന്റെ ആത്മാവിനെ വിരിയിക്കലാണ്.

ഒരു ചെറു കോശത്തിൽ നിന്നുദിച്ച അനേകം ജീവന്റെ കണങ്ങളിൽ ഒന്നായ ആധുനിക മനുഷ്യൻ. അയ്യായിരം വർഷങ്ങൾക്ക് മുമ്പ് കാനനമേടുകളിൽ ഇരതേടി നടന്നപ്പോഴും അവനിലെ സർഗാത്മകത കാട്ടിലകളുടെ നിറ

ലൂടെയും , കരിക്കട്ടകളിലൂടെയും ഗുഹാചിത്ര
ങ്ങളായി സദാ ഒഴുകിക്കൊണ്ടെയിരുന്നു.
പിന്നീട് ഡാർവിന്റെ പരിണാമ സിദ്ധാന്തത്തിലെ
ഓരോ ഘട്ടത്തിലൂടെയും കടന്ന് കല്ലുകളുരച്ചുണ്ടായ
കനലിൽനിന്നഗ്നി നാളങ്ങളുയർത്തിയും ,
ആധുനികതയുടെ കിരണങ്ങൾ പേറിയ
ചക്രങ്ങൾ കണ്ടെത്തിയും, വിത്തുവിതച്ച്
വിളവെടുത്തും, മൺകട്ടയും മായക്കൊട്ടാരവും
പണിതും. ആധുനിക ശാസ്ത്ര സാങ്കേതിക
വിദ്യയുടെ വിപ്ലവവീഥിയിൽ വരെ എത്തിനിൽ
ക്കുന്ന അവന്റെ നേട്ടങ്ങൾ ആവശ്യങ്ങളിൽ
നിന്നു ജന്മം കൊണ്ട് നിലനിൽപ്പിന്റെ
അടിസ്ഥാനശിലകളായി മാറി. ഈ തരത്തിൽ
ഒരു മനുഷ്യന്റെ ചിന്താശേഷിയെ ആഴത്തിൽ
തൊട്ടറിഞ്ഞ് നൂതനാശയങ്ങളുടെ പ്രവാഹം
സൃഷ്ടിക്കുന്നത് അവനിലെ ആത്മാവിനെ
കണ്ടെത്തിയ സർഗശേഷിയാണെന്ന് നിസ്സംശയം
പറയാം. പ്രതിസന്ധികളാൽ പരിഷ്കൃതമായ,
സങ്കീർണ്ണതയുടെ ദർപ്പണത്തിൽ ദൃശ്യമാകുന്ന

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ആധുനിക ലോകത്തിൽ ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രവർത്തിക്കാനും, നേരിന്റെ വിത്തെറിഞ്ഞ് നന്മയുടെ നെൽമണി കൊയ്യാനും, ആസക്തികളിൽ നിന്നും അടിമത്തത്തിൽ നിന്നും മോചിപ്പിച്ച് സ്വതന്ത്ര ചിന്താഗതിയിലൂടെ ആത്മധൈര്യം കൈവരിച്ച് മികച്ച സൃഷ്ടികൾ ലോകത്തിന് സംഭാവന ചെയ്യാൻ യുവഹൃദയങ്ങളെ സജ്ജരാക്കുവാൻ കഴിയുന്ന ഫലപ്രദമായ മാർഗങ്ങളിൽ ഒന്നായ കലോത്സവങ്ങൾ സർഗാത്മകയുടെ വികാസത്തിലൂടെ ആത്മാവിനെ ശുദ്ധീകരിച്ച് മികച്ച മനുഷ്യരാക്കി വിദ്യാർത്ഥികളെ മാറ്റുന്ന പ്രക്രിയയിൽ ഇന്ധനമായി മാറുന്നു. എന്ന് പറയാൻ കാരണങ്ങൾ നിരവധിയാകുന്നത് ഇതുകൊണ്ടാണ്.

ദിഗ്വിജയം നേടാൻ അശ്വമേധ യാഗം നടത്തി, തളരാതെ കുളമ്പടി നാദം മുഴക്കി പായുന്ന അശ്വങ്ങളായി ഇന്നത്തെ യുവജനത മാറേണ്ടത് ഈ കാലഘട്ടത്തിന്റെ

കൂടി ആവശ്യമായി മാറുന്നു. 'അശ്വമേധം' എന്ന കവിതയിൽ വയലാർ പറഞ്ഞതു പോലെ 'വെന്നി, വെന്നി പ്രകൃതിയെ മല്ലിട്ട് വെട്ടിനേടിയ' മനുഷ്യന്റെ സർഗാത്മകതയെ തലമുറകളിലേയ്ക്ക് കൈമാറി അതിലൂടെ അവരുടെ ചിന്താശേഷി വർദ്ധിപ്പിക്കുന്നതാകണം, ഒരു മത്സരം എന്നതിലുപരി കലോത്സവവേദികൾ.

കേരള സ്കൂൾ കലോത്സവത്തെ സംബന്ധിച്ചിടത്തോളം, ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പ്രതിപാദിക്കുന്ന സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം, മതേതരം എന്നിവയുടെയെല്ലാം പ്രതിഫലനം ഇവിടെ കാണാം. നൂറുകണക്കിന് വർഷങ്ങൾക്ക് മുമ്പ് വ്യത്യസ്ത സാമൂഹിക സാഹചര്യങ്ങളിൽ പ്രതിസന്ധികളെ സാംസ്കാരിക തനിമയിലൂടെ അതിജീവിക്കുന്നതിന്റെ ഭാഗമായി പിറന്ന നിരവധി കലാരൂപങ്ങൾ, അത് അവതരിപ്പിക്കുന്ന കുട്ടിയിലേയ്ക്ക്, ഒളിഞ്ഞിരിക്കുന്ന,

ലോകചരിത്രത്തിന്റെ ഏടുകളിൽ
സ്വർണ്ണ ലിപികളാൽ രേഖപ്പെടുത്തിയിട്ടില്ലാത്ത
ചില യാഥാർഥ്യങ്ങളുടെ മുത്തുകൾ വസിക്കുന്ന
ചിപ്പികളാണ് മനസ്സിലേക്കു ~~ന്നത്~~, സമ്മാനിക്കുന്നത്.
ആ ചിപ്പികളിൽ നിന്നുയരുന്ന കലയുടെ
സാധ്യത അനന്തമാണ്. ഈ അനന്തത
യാണ് ഒരുവനിലെ സർഗാത്മകതയെ
പരിപോഷിപ്പിക്കുന്നത്. ഒരു കല അഭ്യസി-
ക്കുമ്പോൾ ആ കലയുടെ ചരിത്രവും,
വൈചിത്ര്യവും, കാലാന്തരങ്ങളിൽ സംഭവിച്ചിട്ടുള്ള
പരിവർത്തനങ്ങളും കലാകാരനിൽ
സർഗാത്മകതയുടെ പുതിയ രൂപങ്ങൾക്ക്
ജന്മം നൽകുന്നു. കേവലം ആസ്വാദന-
ത്തിനപ്പുറം സമൂഹത്തിലെ അനീതിയ്ക്കെ
തിരെയും, അസമത്വത്തിനെതിരെയും
പ്രതികരിക്കാൻ കല വിദ്യാർത്ഥികൾക്ക്
ഉത്തമമായ, അതിശക്തമായ മാധ്യമമായി
മാറുന്നു. ഇവിടെയാണ് കലോത്സവങ്ങൾ
പരിണാമ പ്രക്രിയകൾക്ക് അടിത്തറപാകുന്ന

അതിശക്തമായ സർഗാത്മകതയുടെ പ്രതിഫലനമായി തീരുന്നത്.

എല്ലാ കാലഘട്ടത്തിലും അക്ഷരങ്ങൾ മാറ്റത്തിന്റെ ഇന്ധനമായി പ്രവർത്തിച്ചിട്ടുണ്ട്. കേരള സ്കൂൾ കലോത്സവത്തിന്റെ സർഗാത്മകതയുടെ ഘോഷയാത്രയിൽ താലപ്പൊലിയേന്തി മുന്നിൽ നടക്കുന്നതും സാഹിത്യരചനാമത്സരങ്ങളാണ്. കേരളത്തിന്റെ മാതൃഭാഷയായ മലയാളത്തിൽ മാത്രം ഒതുങ്ങാതെ, സംസ്കൃതം, ഹിന്ദി, അറബി തുടങ്ങിയ വൈവിധ്യമാർന്ന ഭാഷാ മാധ്യമങ്ങളിലൂടെ രചനാ മത്സരങ്ങൾ വിദ്യാർത്ഥികളുടെ സ്വതന്ത്രമായ ആശയ ആവിഷ്കാരത്തിന് വേദിയായി മാറുന്നു. കാവ്യാത്മകതയിൽ വിരിഞ്ഞ കഥയും, കഥാപാത്രത്തിൽ വിരിഞ്ഞ ആശയങ്ങളും ആനുകാലിക സംഭവങ്ങൾക്ക് വ്യത്യസ്ത വ്യാഖ്യാനങ്ങൾ നൽകി ആസ്വാദനത്തിന്റെ തലങ്ങൾ

സൃഷ്ടിക്കുന്നതിനോടൊപ്പം, വായനക്കാരിൽ പുതിയ ചിന്തകളുണർത്തി ഒരു സമൂഹത്തെ മുഴുവൻ ഉദ്ബുദ്ധരാക്കുന്നു.

കലോത്സവത്തിന്റെ ഹൃദയവും ആത്മാവും എല്ലാകാലവും നൃത്തവും സംഗീതവുമാകുന്നു. കരിമഷി ചാർത്തിയ ~~കണ്ണു~~ കണ്ണുകളും, ചായം തേച്ച ചുണ്ടുകളും നവരസ ഭാവം വിടർത്തുമ്പോൾ കലയുടെ വ്യത്യസ്ത ആഖ്യാനങ്ങൾ കാണികളിൽ വിടരും.

ഒപ്പനയും, മാർഗ്ഗംകളിയും പോലുള്ള കലകൾ പ്രത്യേക മതവിഭാഗങ്ങളിൽ നിന്നുണർന്നതാണെങ്കിലും അറിയാനുള്ള ആഗ്രഹത്താൽ തിളയ്ക്കുന്ന മനുഷ്യന്റെ രക്തധമനികൾ മതേതരമായി നിലകൊള്ളുന്ന കാലം വരെയും ജാതിമത വർണ്ണ വർഗ്ഗങ്ങൾക്കപ്പുറമുള്ള സർഗ്ഗാത്മകതയുടെയും, ആശയ ആവിഷ്കാരത്തിന്റെ നൂലിഴകൾ മനുഷ്യരെ

എല്ലാ കാലവും ഇത്തരം കലകളിലൂടെ ഒരുമിപ്പിച്ച് നിർത്തും.

സമകാലിക സമൂഹത്തിൽ ജനങ്ങൾ ആരാധിക്കുന്ന, സമൂഹത്തിന്റെ ഒഴുക്കിന്റെ ഗതി നിർണ്ണയിക്കുന്ന പല എഴുത്തുകാരുടെയും, സംഗീതജ്ഞരുടെയും നർത്തകരുടെയും, വൈവിധ്യമാർന്ന കലകളെ സിരകളിൽ ആവാഹിച്ച് ആ മാസ്മര ലഹരിയിൽ നമ്മെ അലിയിക്കുന്ന പല കലാകാരന്മാരുടെയും വേരുകൾ കേരള സ്കൂൾ കലോത്സവത്തിന്റെ മണ്ണിൽ സർഗാത്മകതയുടെ ജലം തേടി ആഴത്തിലേക്കാഴ്ന്നിരിക്കുന്നു കാണാം. ഇത് തന്നെ കലോത്സവ വേദികൾ വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിലും, സർഗാത്മകതയുടെ പോഷണത്തിലും വഹിക്കുന്ന പങ്ക് പ്രകടമാണ്.

സർഗാത്മകതയെ നന്മയുടെ ചിഹ്നമാക്കി തീർത്തു അധർമ്മത്തിനെതിരെ

പൊരുതാമെന്നത് ആധുനിക കാലത്തിന്റെ മന്ത്രമായി മാറേണ്ടിയിരിക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം ആസക്തിയുടെയും അടിമത്തത്തിന്റെ പടവാളുയർത്തി ഇരുമ്പഴികൾക്കിടയിൽ യുവത്യത്തെ അടക്കാൻ നോക്കുന്ന ചൂഷകങ്ങൾ നിരവധിയാണ്.

കേരളത്തിൽ ശരാശരി 5 കിലോഗ്രാം ലഹരിവസ്തുക്കൾ പിടികൂടപ്പെടുമ്പോൾ ലഹരിയുടെ ഉപഭോക്താക്കളിൽ 80 % ഉം പത്തിനും പതിനഞ്ചിനുമിടയിൽ പ്രായമുള്ള സർഗാത്മകതയുടെ വിത്ത് വിളയേണ്ട യുവത്യമാണ് എന്നത് യാഥാർഥ്യത്തിന്റെ ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന മുഖമാണ്. കൂടാതെ കഴിഞ്ഞ 5 വർഷങ്ങൾക്കിടയിൽ അമിതമായ സാമൂഹ്യമാധ്യമങ്ങളുടെ ഉപയോഗം തീർത്ത വിഷാദ രോഗത്തിലകപ്പെട്ട് മരണത്തിന്റെ മടിത്തട്ടിൽ ഉറങ്ങി-പ്പോയ വിദ്യാർത്ഥികളുടെ കണക്കുകളിൽ

50 ശതമാനത്തിലേറെ വർദ്ധനവുണ്ടായി. സത്യമെന്തെന്നും മിഥ്യയെന്തെന്നും അറിയാതെ പകച്ചുനിൽക്കുന്ന യുവത്വത്തെ നേരായ പാതയിലേയ്ക്ക് നയിക്കാൻ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സാധിക്കും എന്ന വസ്തുത കഴിഞ്ഞ വർഷങ്ങളിലെ കലോത്സവ വേദികളിൽ നിന്ന് വ്യക്തമായതാണ്.

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും, സമൂഹത്തിൽ അരങ്ങേറുന്ന അനീതികൾക്കുമെതിരെ ശക്തമായി ശബ്ദമുയർത്തിയ കലാരൂപങ്ങൾ അരങ്ങേറുമ്പോൾ, ഒന്നുറപ്പിച്ച് പറയാനാകും, ആധുനിക കാലഘട്ടത്തിൽ നമ്മെ കാത്തിരിക്കുന്ന ചതിക്കുഴികളെ തിരിച്ചറിഞ്ഞ്, ആ തിരിച്ചറിവിന്റെ പുഷ്പങ്ങൾ സ്വയം ഹൃദയത്തിൽ വിരിയിച്ചും, ആ സുഗന്ധത്തിന്റെ ആവിഷ്കരണത്തിലൂടെ ആശയത്തിന്റെ പൂമ്പൊടികളിലൂടെ ജാഗ്രതയുടെ തേൻകണം കാണികളിലേയ്ക്കും ചിതറി നമ്മുടെ

പുതുവസന്തം വിരിയിക്കാൻ വിദ്യാർത്ഥികൾ പ്രാപ്തമാകുന്നു. ഇതിന് മാധ്യമമാകുന്നത് കലയും. വേദിയാകുന്നത് കലോത്സവവുമാകുമ്പോൾ, അവരുടെ ഉൽപ്പാദനം സർഗാത്മകതയിൽ നിന്നാകുന്നു.

സർഗാത്മകത ഉണരുന്നത് മർത്യനിൽ നിന്നാണ്. അവിടെ മനുഷ്യനിർമ്മിത സങ്കൽപ്പങ്ങളായ ജാതിയോ മതമോ, വർഗ്ഗമോ, വർണ്ണമോ അതിരുകൾ തീർക്കുന്നില്ല. അത് എല്ലാവരിലും നിന്നു പൊഴുകുന്നു. ആഴത്തിൽ വേരോടിയ ജാതിവ്യവസ്ഥയിൽ നിന്ന് നവോത്ഥാന കിരണങ്ങൾ പേറി ഉയർന്ന കേരളത്തിന്റെ സ്കൂൾ കലോത്സവത്തിലും കലയുടെ അതിരുകൾക്കപ്പുറമുള്ള സ്വതന്ത്രാവിഷ്കരണം നമുക്ക് കാണാം. ഈ സവിശേഷതതന്നെയാണ് കലോത്സവത്തെയും സർഗാത്മകതയെയും ബന്ധിപ്പിക്കുന്ന അതിസൂക്ഷ്മമായ കണ്ണി.

സ്വതന്ത്രമായൊഴുകുന്ന നദികളുടെ പ്രവാഹത്തെ തടസ്സപ്പെടുത്തുന്ന പാറക്കല്ലുകളെപ്പോലെ കലയുടെ സർഗാത്മകമായ ആവിഷ്കാരത്തിന് വിലങ്ങുതടിയായി കലോത്സവ വേദികളിലെ 'കയ്യാങ്കളി'ക്കളങ്ങൾ മാറുന്നു. ലാഭനഷ്ട കണക്കുകളാൽ കലുഷിതമായ മുതിർന്നവരുടെ മത്സരബുദ്ധി നിഷ്കളങ്ക ഹൃദയങ്ങളിലെ സർഗാത്മക പുഷ്പത്തെ ഇതളറു വിഴ്ത്തുന്നു. നേട്ടങ്ങൾക്ക് വേണ്ടി അരങ്ങേറുന്ന മത്സരങ്ങളിൽ സ്വാർത്ഥത വസിക്കുമ്പോൾ അവിടെയൊരിക്കലും സർഗാത്മകത വിരിയില്ല. ഇത് കലോത്സവ വേദികളെ തെറ്റായി വ്യാഖ്യാനിക്കാൻ ഇടവരുത്തുന്നു.

ഇത്തരത്തിൽ കലോത്സവ വേദികളിലൂടെ സമത്വ സുന്ദര നാട്ടിൽ 239 വൈവിധ്യമാർന്ന ഇനങ്ങളിലായി 14000 കുട്ടികൾ ആശയാവിഷ്കരണം നടത്തുമ്പോൾ 14 കോടി ആശയങ്ങളുണരുമ്പോൾ

അതൊരു വ്യക്തിയെയോ, സമൂഹത്തെയോ മാത്രമല്ല. ഒരു തലമുറയ്ക്കിലേയ്ക്ക് സഹോദര്യത്തിലൂടെ വിർദ്ധിക്കുന്ന ചിന്താഗതിയിലൂണരുന്ന സുന്ദരമായ ഭാവിയിലേയ്ക്ക് പ്രകാശമേകുന്നു.

ഇനിയും കലയുടെ ഊർജ്ജം വർദ്ധിപ്പിക്കാൻ പാരമ്പര്യത്തെ സൂക്ഷിച്ചുകൊണ്ടുള്ള പരിഷ്കാരത്തിന്റെ ഇന്ധനം നൽകേണ്ടതുണ്ട്. മുറികൾക്കുള്ളിൽ നടത്തപ്പെടുന്ന സാഹിത്യരചനകൾ 'സ്കൂൾ വിക്കി'യിലൂടെ നാടിനെ അറിയിച്ചുകൊണ്ട് ജനകീയത വർദ്ധിപ്പിക്കേണ്ടതുണ്ട്. കാലഹരണപ്പെട്ട കാഴ്ചപ്പാടുകൾക്ക് വിട പറഞ്ഞ് നൂതനാശയങ്ങൾ പിറവികൊള്ളണം. ജയപരാജയങ്ങൾ ഒരേപോലെ സ്വീകരിച്ച് 'കൈയ്യേറ്റങ്ങളില്ലാത്ത' ആത്മധൈര്യമാർജ്ജിച്ച വിദ്യാർത്ഥികളുടെ വേദിയായി കലോത്സവം മാറണം.

ഗുഹാചിത്രങ്ങളിലൂടെ ആരംഭിച്ച മനുഷ്യന്റെ സർഗാത്മകതയുടെ പ്രയാണം. ലോകത്തിൽ വിപ്ലവങ്ങൾ അരങ്ങേറിയപ്പോൾ വോൾട്ടയറിലൂടെയും, റൂസ്സോയിലൂടെയും, ആന്റൺ ചെക്കോവിലൂടെയും, ലിയോ ടോൾസ്റ്റോയിലൂടെയും, മൈക്കലാഞ്ചലോയിലൂടെയും സഞ്ചരിച്ച് നവോത്ഥാനത്തിലൂടെ ശക്തി പ്രാപിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സാധാരണക്കാരെ ഉത്ബുദ്ധരാക്കിയതും, ടാഗോറിന്റെയും, ബങ്കിം ചന്ദ്ര ചാറ്റർജിയുടെയും, നന്ദലാൽ ബോസിന്റെയുമെല്ലാം സർഗാത്മക ആവിഷ്കാരമാണ്. സ്വാതന്ത്ര്യാനന്തരം ലളിത കലാ അക്കാദമിയും, സംഗീത നാടക അക്കാദമിയുമെല്ലാം ദേശീയ തലത്തിൽ സ്ഥാപിച്ചപ്പോൾ അതിനുമെത്രയോ വർഷങ്ങൾക്ക് മുമ്പ് സർഗാത്മകത മാനവരാശിയുടെ നിലനിൽപ്പാണെന്ന് തിരിച്ചറിഞ്ഞ് കേരള കലാമണ്ഡലം സ്ഥാപിക്കപ്പെട്ടു.

ആ ചരിത്രം ഇന്നിതാ കലോത്സവ
വേദികളിലൂടെ ആവർത്തിക്കപ്പെടുന്നു.

2023-24 അധ്യയന വർഷത്തിൽ കൊല്ലത്തിന്റെ മണ്ണിൽ 24 വേദികളിലായി പാരമ്പര്യത്തിന്റെ പ്രൗഢിയും, ആധുനികതയുടെ നന്മയും വിളിച്ചോതിക്കൊണ്ട് 62-ാമത് കലോത്സവം അരങ്ങേറുമ്പോൾ ഒന്നു പറയാം, ഇതൊരു തുടക്കം മാത്രമാണ്. ഓരോ കലോത്സവവും കലയുടെ ചരടാൽ മനുഷ്യനെ ഒന്നിപ്പിക്കുന്ന പ്രക്രിയയ്ക്ക് നേതൃത്വം നൽകുമ്പോൾ നാടിന്റെ ഭാവി ഉയർന്ന ചിന്താശേഷിയുള്ള, സർഗാത്മകതയുടെ വസന്തം വിരിയിക്കാൻ കെല്പുള്ള ഒരു യുവതലമുറ പിറക്കുന്നു എന്ന് നിസ്സംശയം പറയാം..

ഒരുമയുടെ കാഹളം മുഴങ്ങുമ്പോൾ ~~കലയുടെ~~ സർഗാത്മകതയുടെ വസന്തം വിരിയിച്ച് കലയുടെ ഉത്സവം ഇനിയും അരങ്ങേറട്ടെ...